LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ)*: സർ, 2005 ജൂൺ അവസാന വാരത്തിൽ തേനി ജില്ലയിൽ ആന്ത്രാക്സ് രോഗം ബാധിച്ച് ഏതാണ്ട് പത്തോളം കന്നുകാലികൾ മരിച്ചതായി തമിഴ്നാട്ടിലെ വെറ്ററിനറി ഡയറക്ടർ അറിയിച്ചതിനെത്തുടർന്ന് പാൽ ഉൽപ്പന്നങ്ങൾ, ഇറച്ചി, മൃഗം ഇതൊക്കെ കേരളത്തിലേക്ക് കയറ്റിക്കൊണ്ടു വരുന്നത് തടഞ്ഞുകൊണ്ട് ഡയറക്ടർ ഉത്തരവു പുറപ്പെടുവിച്ചു. പിൽക്കാലത്ത് തേനി മാത്രമല്ല വിരുതനഗർ, കോയമ്പത്തൂർ, തേനിയുമായിട്ട് അടുത്തു കിടക്കുന്നതായിട്ടുള്ള മറ്റു ജില്ലകളിൽ നിന്നുള്ള മൃഗങ്ങളെ കൊണ്ടുവരുന്നതും തടഞ്ഞുകൊണ്ടായിരുന്നു ആ ഉത്തരവ്. തമിഴ്നാട് വെറ്ററിനറി ഡിപ്പാർട്ടുമെന്റ് ഇപ്പോൾ അവിടെ രോഗം ബാധിച്ചത് ശമിച്ചിട്ടുണ്ട് എന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിലും അവർ ഇവിടെ വന്ന് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലും പാൽ കൊണ്ടുവരുന്നതിനുള്ള നിരോധനം നീക്കിയിട്ടുണ്ട്. നീക്കം ചെയ്യാനുള്ള കാരണം ഈ ആന്ത്രാക്സ് രോഗം മനുഷ്യരിലും പകരുന്ന രോഗമാണ്. എന്നാൽ പശുവിന് രോഗം വന്നാൽ അല്ലെങ്കിൽ മറ്റു മൃഗങ്ങൾക്ക് രോഗം വന്നാൽ രണ്ടു ദിവസത്തിനകം ആ മൃഗം ചാകും, അതിന്റെ അടിസ്ഥാനത്തിൽ രോഗബാധ അവിടെ ശമിച്ചതായി തമിഴ്നാട് ഗവൺമെന്റ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പാലിനും പാൽ ഉൽപ്പന്നങ്ങൾക്കുമുള്ള നിരോധനം പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഇറച്ചി, തുകൽ, മരിച്ചതായ മൃഗങ്ങളെ വെട്ടി ഇറച്ചി കടത്തുന്നത്, അതുപോലെതന്നെ തോല് കടത്തുന്നത് ഇതിനൊക്കെ കുറേക്കാലം കൂടി ഒരു നിയന്ത്രണം ആവശ്യമാണെന്ന് തോന്നിയതിന്റെ അടിസ്ഥാനത്തിൽ അതിന്റെ നിയന്ത്രണം ഇന്നും തുടരുകയാണ്. ഇത് മാരകമായ ഒരു രോഗമാണ്, ആ രോഗം മനുഷ്യനേയും ബാധിക്കുന്നതാണ്. അതുകൊണ്ട് സൂക്ഷിക്കേണ്ടതുണ്ട് എന്ന വിധത്തിലുള്ള നടപടി എടുത്തിരിക്കുകയാണ്. തീർച്ചയായും രോഗശമനം വന്നുകഴിഞ്ഞാൽ ഇതിന്റേതായിട്ടുള്ള നിയന്ത്രണം നീക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. അതേസമയം ഈ പ്രദേശവുമായിട്ട് ബന്ധപ്പെട്ടു നിൽക്കുന്നതായിട്ടുള്ള എല്ലാ ചെക്ക്പോസ്റ്റുകളിലും കാര്യമായിട്ടുള്ള വിധത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ചെക്ക്പോസ്റ്റുകളും സജീവവുമാണ്.

(3) ജലചൂഷണം നടത്തുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, കൊക്കക്കോള, പെപ്സി കമ്പനികൾ അടച്ചുപൂട്ടണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. കൊക്കക്കോള, പെപ്സി കമ്പനികളുടെ ജലചൂഷണത്തെ സംബന്ധിച്ച് കേന്ദ്ര ഭൂജല വിഭവ ബോർഡ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് നൽകിയ റിപ്പോർട്ടിൽ ഈ രണ്ടു കമ്പനികളും അമിതമായി ജലചൂഷണം നടത്തുന്നതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ശ്രീ. അശോക്ഘീൽ, ഐ.എ.എസ്. ചെയർമാൻ ആയിട്ടുള്ള സംസ്ഥാനത്തെ ജലത്തെ സംബന്ധിച്ച

മോണിട്ടറിംഗ് കമ്മിറ്റി ഈ വിഷയം പഠിക്കുകയും ഗവൺമെന്റിന് റിപ്പോർട്ട് നൽകിയതായും മനസ്സിലാക്കുന്നു. ഈ റിപ്പോർട്ടിൽ പറയുന്നത് പ്ലാച്ചിമടയുൾപ്പെടെ ചിറ്റൂർ പ്രദേശത്തെയും പുതുശ്ശേരി പഞ്ചായത്തിന്റെ പരിസര പ്രദേശങ്ങളിലേയും ഭൂഗർഭജലം ഇനി കുടിവെള്ളത്തിനല്ലാതെ മറ്റാരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല എന്നാണ്. ഈ റിപ്പോർട്ട് പരിഗണിച്ച് പെപ്സി, കൊക്കക്കോള കമ്പനികൾ അടച്ചുപൂട്ടുന്നതിനാവശ്യമായ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. കമ്പനിക്ക് അനുകൂലമായി ഉണ്ടായ ഹൈക്കോടതി വിധിക്ക് എതിരായി സുപ്രീം കോടതിയിൽ അപ്പീൽ പോകുന്നതിനെക്കുറിച്ച് സംസ്ഥാന സർക്കാർ ഇതുവരെ തീരുമാനം എടുത്തിട്ടില്ല. ത്രിതല പഞ്ചായത്തുകളുടെ ഭരണഘടനാപരമായിട്ടുള്ള അധികാരങ്ങളെ സംരക്ഷിക്കാനുള്ള ബാദ്ധ്യത സർക്കാരിനുണ്ട്. ഇവിടെ കോടതി പഞ്ചായത്തിന്റെ അധികാരത്തെയാണ് കവർന്നെടുക്കുന്നത്. ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കുകയാണ്. പ്ലാച്ചിമടയിലെ കൊക്കക്കോള ഫാക്ടറി തുറന്നു പ്രവർത്തിക്കരുതെന്ന് അപകടകരമായ രസമാലിന്യങ്ങളെക്കുറിച്ച് പഠിച്ച് നടപടി സ്വീകരിക്കാൻ നിയുക്തമായ സുപ്രീംകോടതിയുടെ മോണിട്ടറിംഗ് കമ്മിറ്റിയുടെ കഴിഞ്ഞ ദിവസമുണ്ടായ ഉത്തരവിൽ പറയുന്നു. ഉത്തരവ് എത്രയും വേഗം നടപ്പിലാക്കാൻ കേരള മലിനീകരണ നിയന്ത്രണ ബോർഡിനോടു സുപ്രീം കോടതിയുടെ മോണിട്ടറിംഗ് കമ്മിറ്റി ആവശ്യപ്പെട്ടിട്ടുള്ള വിവരം കൂടി ഞാൻ സൂചിപ്പിക്കുകയാണ്. ഇതനുസരിച്ചുള്ള ഒരു ഉത്തരവ് ഗവൺമെന്റിനിൽനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*: സർ, പ്ലാച്ചിമടയിലെ കൊക്കകോള കമ്പനിക്ക് ഗ്രാമപഞ്ചായത്ത് 27-1-2000 ത്തിലാണ് ആദ്യമായി ലൈസൻസ് നൽകിയത്. അമിതമായി ഭൂഗർഭജലം ചൂഷണം ചെയ്യുന്നു എന്ന കാരണത്താൽ 15-5-2003 ൽ പഞ്ചായത്ത് കമ്പനിയുടെ ലൈസൻസ് റദ്ദാക്കി. കമ്പനി ഗവൺമെന്റിന് നൽകിയ അപ്പീൽ 13-10-2003 ലെ ഗവൺമെന്റ് ഉത്തരവുപ്രകാരം തീർപ്പാക്കുകയും വിദഗ്ദ്ധരടങ്ങിയ ഒരു സമിതിയെക്കൊണ്ട് വിശദമായി അന്വേഷണം നടത്താനും ആ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഉചിതമായ നടപടി സ്വീകരിക്കാനും പഞ്ചായത്തിനോട് നിർദ്ദേശിക്കുകയും ചെയ്തു. ടി ഉത്തരവിനെതിരെ പഞ്ചായത്ത് ഹൈക്കോടതിയിൽ ഒരു അപ്പീൽ ഫയൽ ചെയ്യുകയും കമ്പനി, ജലം ഉപയോഗിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തു. പ്രസ്തുത ഉത്തരവിനെതിരെ വീണ്ടും കൊക്കകോള കമ്പനി കോടതിയെ സമീപിക്കുകയുണ്ടായി. ഇതിനിടെ കമ്പനി ഇടവപ്പാതിവരെ ഭൂഗർഭജലം ഉപയോഗിക്കുന്നത് തടഞ്ഞുകൊണ്ട് റവന്യൂവകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കൊക്കകോള കമ്പനി പിന്നീട് ഫയൽചെയ്ത റിട്ട് പെറ്റിഷൻ കോടതി പരിശോധിച്ചശേഷം റവന്യൂവകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് തുടർന്ന് നടപ്പാക്കാൻ നിർദ്ദേശിക്കുകയുണ്ടായി. അതിനെതിരെ കൊക്കകോള

LIBRARY ARCHIVES Kerala Legislative Assembly

കമ്പനി ഹൈക്കോടതിയിൽ സമർപ്പിച്ച പരാതി തള്ളിക്കളഞ്ഞു. കൊക്കകോള കമ്പനി ഫയൽ ചെയ്ത റിട്ട് പെറ്റിഷനിൽന്മേലുള്ള 7-4-2005 ലെ കോടതി വിധിയിൽ കമ്പനിയുടെ ലൈസൻസ് റദ്ദാക്കാൻ പഞ്ചായത്തിന് അധികാരമില്ലെന്നും അതുകൊണ്ട് കമ്പനിയുടെ ലൈസൻസ് വർഷാവർഷം പുതുക്കുന്നതിനുള്ള അപേക്ഷ പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ പരിഗണിക്കണമെന്ന് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവായി. പിന്നീട് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നു ലഭിച്ച റിപ്പോർട്ട് അനുസരിച്ച് കൊക്കകോള കമ്പനിയുടെ പ്രവർത്തനംമൂലം പുറന്തള്ളപ്പെടുന്ന കാഡ്മിയത്തിന്റെ അളവ് നിയന്ത്രിക്കുന്നതിന് യാതൊരു സംവിധാനവും കമ്പനി ചെയ്തിട്ടില്ല. അതിനുശേഷം സുപ്രീംകോടതി മോണിട്ടറിംഗ് കമ്മിറ്റി ആറു മാസത്തിനുള്ളിൽ ജലമലിനീകരണത്തിനുള്ള പ്രതിവിധി നടത്തി. പ്രസ്തുത വിവരം പൊല്യൂഷൻ കൺട്രോൾ ബോർഡിനെ അറിയിക്കണമെന്ന് 15-10-2004-ൽ കമ്പനിക്ക് നിർദ്ദേശം നൽകിയെങ്കിലും പ്രസ്തുത നിർദ്ദേശം കമ്പനി ഇതുവരെ പാലിച്ചിട്ടില്ല. ഈ നിബന്ധനകൾ പാലിച്ചാൽ മാത്രമേ കമ്പനിക്ക് ലൈസൻസ് നൽകാവൂ എന്ന് മലിനീകരണ ബോർഡ് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ കൊക്കകോള കമ്പനിയുടെ പരിസരത്ത് ഭൂജല വകുപ്പ് നടത്തിയ പഠനത്തിൽ ഭൂജലം ദുരുപയോഗം നടത്തുന്നത് നിയന്ത്രിക്കണമെന്ന ആവശ്യകത ഊന്നിപ്പറഞ്ഞിരുന്നു. അതിനുശേഷം ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ഒരു വിദഗ്ദ്ധ സമിതി പഠനം നടത്തുകയുണ്ടായി. അവരും റിപ്പോർട്ട് ഹൈക്കോടതിക്ക് നൽകുകയുണ്ടായി. ഇങ്ങനെയുള്ള കോളാ കമ്പനികൾ അമിതമായി ജലചൂഷണം ചെയ്യുന്നതുകൊണ്ട് ആ പ്രദേശത്ത് ജലക്ഷാമം അനുഭവപ്പെടുന്നതിനാൽ പ്രസ്തുത കമ്പനികളുടെ പ്രവർത്തനം നിയന്ത്രിക്കേണ്ടത് അനിവാര്യമാണെന്ന് ഭൂജല വകുപ്പ് അറിയിച്ചിട്ടുണ്ട്. പൊല്യൂഷൻ കൺട്രോൾ ബോർഡ് നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകളും സുപ്രീംകോടതി മോണിട്ടറിംഗ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളും കൊക്കകോള കമ്പനി പാലിച്ചിട്ടില്ലാത്തതിനാൽ കൊക്കകോള കമ്പനിയുടെ ലൈസൻസ് നൽകുന്നതു സംബന്ധിച്ച് ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള 7-4-2005 ലെ ഉത്തരവ് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232-ന് വിരുദ്ധമാകയാൽ പ്രസ്തുത കോടതി വിധിക്കെതിരെ സർക്കാർ സുപ്രീംകോടതിയിൽ അപ്പീൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പെപ്സി കമ്പനി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റും പെപ്സി കമ്പനിക്കെതിരെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. കുടിവെള്ള സ്രോതസുപോലുള്ള പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കേണ്ടത് അത്യാവശ്യമാണെന്ന് ഗവൺമെന്റിന് പൂർണ്ണമായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഭൂഗർഭജല സ്രോതസുകൾ സംരക്ഷിക്കേണ്ടത് പഞ്ചായത്തിന്റെ അനിവാര്യമായ ചുമതലയാണ്. അവ കുറ്റമറ്റതായി നടപ്പിലാക്കുന്നതിന് വിദഗ്ദ്ധ സഹായവും നിയമ പരിരക്ഷയും ആവശ്യമുണ്ട്. ഈ വിഷയം ജലവിഭവ വകുപ്പുമായി ആലോചിച്ച് ഉചിതമായി നടപടികൾ സ്വീകരിക്കുന്നതാണ്.

GPM. 2/566/2012—29

LIBRARY ARCHIVES Kerala Legislative Assembly